"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കരിമ്പുഴ എ.യു.പി. സ്കൂളിലെ എൽ പി എസ്സ് റ്റി ശ്രീമതി മാധുരി എം. ന്റെ നിയമനവുമായി ബന്ധപ്പെട്ട് സ്കൂൾ മാനേജർ സർക്കാരിനു സമർപ്പിച്ച പുന:പരിശോധനാഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3846/2022/GEDN    തീയതി,തിരുവനന്തപുരം, 30-06-2022

---

പരാമർശം:-
1. പാലക്കാട് കരിമ്പുഴ എ.യു.പി. സ്കൂൾ മാനേജരുടെ 13/07/2021 തീയതിയിലെ പുന:പരിശോധനാഹർജി
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 08/02/2022, 02/04/2022 തീയതികളിലെ ഡിജിഇ/17426/2021-ജി1 നമ്പർ കത്തുകൾ.

**ഉത്തരവ്**

പാലക്കാട് കരിമ്പുഴ എയുപി സ്കൂളിലെ എൽ പി എസ്സ് റ്റി ശ്രീമതി മാധുരി എം. ന്റെ നിയമനം നിരസിച്ചതിനെതിരെ ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന:പരിശോധനാ ഹർജിയിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പരാമർശം 2 റിപ്പോർട്ടിൽ,

*പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫിസിന്റെ പരിധിയിലുള്ള കരിമ്പുഴ എ.യു.പി. സ്കൂളിലെ പ്രധാനാധ്യാപിക ശ്രീമതി. രാജലക്ഷ്മി 31.03.2019 ന് സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ എൽ പി എസ് ടി ശ്രീമതി. ഹാജിരുമ്മയെ പ്രധാനാധ്യാപികയായി സ്ഥാനകയറ്റം നൽകി അംഗീകരിച്ച എൽ പി എസ് ടി തസ്തികയിലെ ഒഴിവിൽ ശ്രീമതി. മാധുരി എം. നെ 06.06.2019 മുതൽ മാനേജർ നിയമിച്ചു. . ശ്രീമതി മാധുരി കെടെറ്റ് പാസ്സായിട്ടില്ല . 51A 51B ഡിക്ലറേഷൻ ഹാജരാക്കിയിട്ടില്ല. നിയമന തീയതിയിലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല , ടി സ്കൂളിൽ നിന്നും തസ്തിക നഷ്ടപ്പെട്ട ബി ആർ സി യിൽ ക്ലസ്റ്റർ കോർഡിനേറ്ററായി ജോലി നോക്കിയിരുന്ന ശ്രീമതി.ഓമനയെ ടി തസ്തികയിൽ 2019 -2020 വർഷത്തെ തസ്തിക നിർണയ ഉത്തരവ് പ്രകാരം പുനർ വിന്യസിച്ചിട്ടുള്ളതിനാൽ ടി സ്കൂളിൽ ശ്രീമതി.മാധുരി.എം. നെ നിയമിക്കുന്നതിനാവശ്യമായ തസ്തിക ലഭ്യമല്ല എന്നിങ്ങനെ പല കാരണങ്ങളാൽ ടി നിയമനം ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസറും മണ്ണാർക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസറും നിരസിച്ചു.*

*2019-20 ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം കരിമ്പുഴ എ.യു.പി സ്കൂളിൽ പ്രധാനാധ്യാപിക, യു പി എസ് ടി -2, എൽ പി എസ് ടി -4 എന്നിങ്ങനെയാണ് തസ്തിക*

*അനുവദിച്ചിട്ടുള്ളതെന്നും സർക്കാരിന്റെ പ്രത്യേക ഉത്തരവു പ്രകാരം അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി പുനർവിന്യസിച്ച ശ്രീമതി. ഓമനയെ 2019-20 ലെ തസ്തിക നിർണ്ണയ ഉത്തരവിൽ ശ്രീമതി. ഹാജിരുമ്മയെ പ്രധാനാധ്യാപികയായി സ്ഥാനകയറ്റം നൽകി അംഗീകരിച്ച എൽ പി എസ് ടി തസ്തികയിൽ നിലനിർത്തിയിട്ടുണ്ടെന്നും മേൽ നടപടിക്കെതിരെ മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ഓമനയെ എൽ പി വിഭാഗത്തിൽ തിരികെ വിളിച്ച നടപടി പുന:പരിശോധിക്കുന്നതിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ഉത്തരവ് നൽകിയെങ്കിലും, ബഹു.കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) No. 36434/2017 മേലുള്ള കേസിന്റെ അന്തിമ തീർപ്പിനു വിധേയമായി എൽ പി എസ് ടി തസ്തികയിലെ ഒഴിവിൽ ശ്രീമതി. ഓമനയെ നിലനിർത്തിയ സാഹചര്യത്തിൽ കരിമ്പുഴ എ.യു.പി സ്കൂളിൽ ശ്രീമതി. ഹാജിരുമ്മയെ പ്രധാനാധ്യാപികയായി സ്ഥാനകയറ്റം നൽകി അംഗീകരിച്ച എൽ പി എസ് ടി തസ്തികയിലെ ഒഴിവിൽ 06.06.2019 മുതൽ മാനേജർ നിയമിച്ച ശ്രീമതി മാധുരി എം. ന്റെ നിയമനം പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന കാരണത്താൽ മാനേജർ സമർപ്പിച്ച റിവിഷൻ അപ്പീൽ നിരസിച്ചു എന്നും ഇതിനെതിരെയാണ് മാനേജർ സർക്കാരിന് റിവിഷൻ അപ്പീൽ സമർപ്പിച്ചിരിക്കുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കരിമ്പുഴ എ.യു.പി.സ്കൂളിൽ നിന്നും പുറത്ത് നിലനിൽക്കുന്ന യു പി എസ് ടി ശ്രീമതി ഓമനയ്ക്ക് ടി ടി സി യോഗ്യതയില്ലാത്തതിനാൽ എൽ പി എസ് ടി തസ്തികയിൽ പുനർ വിന്യസിക്കാൻ പര്യാപ്തമല്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.*

2. സർക്കാർ ടി റിപ്പോർട്ട് വിശദമായി പരിശോധിച്ചു. കരിമ്പുഴ എ.യു.പി. സ്കൂളിൽ 2019 -20 ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം പ്രധാനാധ്യാപിക, യു പി എസ് ടി -2, എൽ പി എസ് ടി -4 എന്നിങ്ങനെയാണ് തസ്തിക അനുവദിച്ചിട്ടുള്ളത്. ടി സ്കൂളിൽ പ്രധാനാധ്യാപിക ശ്രീമതി. രാജലക്ഷ്മി 31.03.2019 ന് സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ എൽ പി എസ് ടി ശ്രീമതി. ഹാജിരുമ്മയെ പ്രധാനാധ്യാപികയായി സ്ഥാനകയറ്റം നൽകി അംഗീകരിച്ച ഒഴിവും ശ്രീമതി. ശുഭാദേവി വി. സേവനത്തിൽ നിന്നും വിരമിച്ച എൽ.പി.എസ്.ടി. ഒഴിവും ടി വർഷം ഉണ്ടായിട്ടുണ്ട്. ഇതിൽ പ്രധാനാധ്യാപിക സ്ഥാനകയറ്റ ഒഴിവിൽ 06.06.2019 മുതൽ ശ്രീമതി മാധുരി എം. നെയും, വിരമിക്കൽ ഒഴിവിൽ 07.06.2019 മുതൽ ശ്രീമതി. രശ്മി കെ.പി.യെയും മാനേജർ നിയമിച്ചിട്ടുണ്ട്. എന്നാൽ ബഹു.കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) No. 36434/2017 മേലുള്ള കേസിന്റെ അന്തിമ തീർപ്പിനു വിധേയമായി, ശ്രീമതി. ഹാജിരുമ്മയെ പ്രധാനാധ്യാപികയായി സ്ഥാനകയറ്റം നൽകി അംഗീകരിച്ച എൽ പി എസ് ടി തസ്തികയിലെ ഒഴിവിൽ അധ്യാപക ബാങ്കിൽ ഉൾപ്പെട്ട ശ്രീമതി. ഓമനയെ നിലനിർത്തിയിരിക്കുന്നതിനാലാണ് ശ്രീമതി മാധുരി എം. ന്റെ നിയമനം അംഗീകരിക്കാൻ കഴിയാത്തത്. ശ്രീമതി. ശുഭാദേവി വി. സേവനത്തിൽ നിന്നും വിരമിച്ച എൽ.പി.എസ്.ടി. ഒഴിവിൽ ടി വർഷം തസ്കിക നഷ്ടം സംഭവിച്ച ശ്രീമതി ശ്യാമള കുമാരിയെയും നിലനിർത്തി. ഇവിടെ പ്രധാനാധ്യാപിക ക്ലാസ്സ് ചാർജ്ജ് വഹിക്കേണ്ടതിനാൽ ശ്രീമതി. ഹാജിരുമ്മയെ പ്രധാനാധ്യാപികയായി സ്ഥാനകയറ്റം നൽകി നിയമിച്ചാലും ടിയാൾ ക്ലാസ്സ് ചാർജ്ജ് വഹിക്കണം ആയതിനാൽ തന്നെ പ്രധാനാധ്യാപികയായി വിരമിച്ച ശ്രീമതി. രാജലക്ഷ്മി ഏത് തസ്തികയാണോ വഹിച്ചിരുന്നത് ടി തസ്കികയിലാണ് ഇവിടെ ഒഴിവ് സംജാതമായിരിക്കുന്നത്. മേൽ സാഹചര്യത്തിൽ പ്രധാനാധ്യാപികയായി വിരമിച്ച ശ്രീമതി. രാജലക്ഷ്മി യു പി എസ്സ് റ്റി തസ്തികയാണ് വഹിച്ചിരുന്നതെങ്കിൽ ടി തസ്തികയിൽ ശ്രീമതി. ഓമനയെ നിലനിർത്താനും എൽ പി എസ്സ് റ്റി തസ്തികയാണ് വഹിച്ചിരുന്നതെങ്കിൽ ടിയാളുടെ വിരമിക്കൽ ഒഴിവിൽ ടി ടി സി യോഗ്യതയില്ലാത്ത ശ്രീമതി. ഓമനയെ നിലനിർത്താൻ

കഴിയാത്തതിനാൽ ബഹു. കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) No. 36434/2017 മേലുള്ള കേസിന്റെ അന്തിമ തീർപ്പിനു വിധേയമായി ശ്രീമതി മാധുരി എം. ന്റെ നിയമനം ടിയാൾ മറ്റെല്ലാ വിധത്തിലും യോഗ്യയെങ്കിൽ അംഗീകരിയ്ക്കാൻ ചെർപ്പുളശ്ശേരി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം ഹർജിക്കാരനായ പാലക്കാട് കരിമ്പുഴ എ യു പി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന:പരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെറുപ്പുളശ്ശേരി.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്.
മാനേജർ, എ യു പി സ്കൂൾ, കരിമ്പുഴ, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ യു പി സ്കൂൾ, കരിമ്പുഴ, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 01-07-2022 10:34:41**
സെക്ഷൻ ഓഫീസർ